**കേരള സർവ്വകലാശാല**

കാമ്പസ് അഡ്മിനിസ്ട്രേഷൻ ഓഫീസ്

കാര്യവട്ടം

<u>ദർഘാസ് പരസ്യം</u>

കേരള സർവ്വകലാശാല കാര്യവട്ടം കാമ്പസിലെ North Block II & III, South Block II & III, South Block VIII എന്നീ 3 ബ്ലോക്കുകളിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും 2013 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള 12 മാസ കാലയളവിൽ, ആദായം എടുക്കുന്നതിനുള്ള അവകാശം നേടുന്നതിനുവേണ്ടി ടെൻഡറുകൾ 2013 ജനുവരി നാലാം തീയതി രാവിലെ 11.00 മണിക്കു മുൻപ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കേണ്ടതാണ്. നിരതദ്രവ്യമായി ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം 2000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (ഡെപ്യൂട്ടി രജിസ്ട്രാർ, കാമ്പസ് അഡ്മിനിസ്ട്രേഷൻ എന്ന പേരിൽ ഹാജരാക്കേണ്ടതാണ്. ദർഘാസുകൾ "Tender for Lease right for collection of usufructs from Block No……………….. in the University Campus, Kariavattom during the year 2013" (കാര്യവട്ടം കാമ്പസിലെ ആദായം എടുക്കാനുള്ള അവകാശം നേടുന്നതിനു വേണ്ടി) എന്നു രേഖപ്പെടുത്തി സീൽ ചെയ്ത കവറിൽ ജോയിന്റ് രജിസ്ട്രാറുടെ പേർക്ക് അയയ്ക്കേണ്ടതാണ്.

ഈ ആവശ്യത്തിലേക്ക് മേൽപറഞ്ഞ ദിവസം രാവിലെ 11.30 മണിക്കു ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ വച്ച് ലേലവും നടത്തപ്പെടും. ടി ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിന് മുൻപ് മേൽപ്പറഞ്ഞ നിരക്കിൽ നിരതദ്രവ്യം കെട്ടിവയ്ക്കണം. ഒരു ബ്ലോക്ക് ലേലം പിടിച്ചയാൾ മറ്റൊരു ബ്ലോക്കിന്റെ ലേലത്തിൽ കൂടി പങ്കെടുക്കകയാണെങ്കിൽ ആയതിലേക്ക് പ്രത്യേകം നിരതദ്രവ്യം കെട്ടിവയ്ക്കണം. ടെൻഡർ ലേലം അന്നേദിവസത്തെ ഏറ്റവും കൂടിയ തുകയ്ക്കു (സർവ്വകലാശാലയ്ക്കു സ്വീകാര്യമെങ്കിൽ മാത്രം) സ്ഥിരപ്പെടുത്തുന്നതും, ഈ തുക മുഴുവനും ലേല തീയതി തുടങ്ങി മൂന്നു ദിവസത്തിനകം യൂണിവേഴ്സിറ്റി ഫണ്ടിൽ അടച്ച്, ചെല്ലാൻ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം തുക അടയ്ക്കാത്തപക്ഷം, രണ്ടാമത്തെ ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ വ്യക്തിക്ക് (തുക സർവ്വകാലാശാലയ്ക്ക് സ്വീകാര്യമാണെങ്കിൽ) ടിയാൻ മൊത്തം തുകയും അടയ്ക്കുകയാണെങ്കിൽ അയാളുടെ പേരിൽ ദർഘാസ് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതായിരിക്കും.

വിവിധ ബ്ലോക്കുകളിലെ വൃക്ഷങ്ങൾ കണ്ട് ബോദ്ധ്യപ്പെടുന്നതിനും ഇതു സംബന്ധിച്ചുള്ള നിബന്ധനകൾക്കും മറ്റു വിശദവിവരങ്ങൾക്കും കാര്യവട്ടം ക്യാമ്പസ് ഭരണവിഭാഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പ്രത്യേക കാരണമൊന്നും കാണിക്കാതെ തന്നെ ഏതെങ്കിലും ദർഘാസ് ലേലം നിരസിക്കുന്നതിന് രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും. ദർഘാസ് ലേലം സംബന്ധമായ എല്ലാ കാര്യങ്ങളിലും അന്തിമതീരുമാനം രജിസ്ട്രാറുടേതായിരിക്കും.

**രജിസ്ട്രാർ**

തിരുവനന്തപുരം